ധനസഹായം വർദ്ധിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ആക്ടിന്റെ രണ്ടാം പട്ടിക ഭേദഗതി ചെയ്യുന്നതിന് ശിപാർശ ലഭ്യമാക്കാൻ ക്ഷേമനിധി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ട റേഷൻ വ്യാപാരികളുടെ അനന്തരാവകാശികൾക്ക് സോൾവൻസി തുക ഒരു ലക്ഷം രൂപ എന്നത് പതിനായിരമായും KTPDS റൂൾ 2021 പ്രകാരം അനന്തരാവകാശി 10-ാം ക്ലാസ് പാസ്സാകണമെന്ന നിബന്ധനയിലും ഇളവുവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് റേഷൻ വ്യാപാരികൾ കഴിഞ്ഞ കുറേ ദിവസങ്ങളായി നടത്തുന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒരു വിഭാഗം റേഷൻ വ്യാപാരികൾ മാധ്യമങ്ങളിലൂടെ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ വ്യാപാരികൾ അതിജീവനക്കിറ്റ് വിതരണം ചെയ്ത വകയിൽ ആവശ്യപ്പെടുന്ന കമ്മീഷൻ നൽകുന്നതിനുള്ള ബുദ്ധിമുട്ട് സംഘടനാ നേതാക്കളുമായുള്ള ചർച്ചയിലും ഫോൺ സംഭാഷണത്തിലും ബോധ്യപ്പെടുത്തിയിരുന്നു.

റേഷൻ വ്യാപാരികൾക്കുള്ള സഹായം

275 (275) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

28,398 എഫ്.പി.എസ്. ഡീലർമാർക്കും സെയിൽസ്മാൻമാർക്കും ആളൊന്നിന് 1060 രൂപ പ്രീമിയം നിരക്കിൽ ഒരു വർഷക്കാലത്തേയ്ക്ക് മാത്രം 7.5 ലക്ഷം രൂപയുടെ കോവിഡ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കുള്ള തുകയായ 3,01,02,000 രൂപ 16-9-21 ലെ ജി.ഒ (ആർ.ടി) നമ്പർ 6113/21/ധന. ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആവശ്യപ്പെട്ട വിവരങ്ങൾ കൈമാറി ടി പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് നൽകുന്ന മരണാനന്തര സഹായം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സംബന്ധിച്ച ശിപാർശ സമർപ്പിക്കുവാൻ ക്ഷേമനിധി സെക്രട്ടറി & ചീഫ് എക്സിക്യൂട്ടീവിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly